പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6250

02/04/2018 ൽ മറുപടിക്ക്

**ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ബോർഡ് രൂപീകരിച്ചതിനു ശേഷം ദേവസ്വം ബോർഡിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശം നൽകുമോ; | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയിലേയ്ക്ക് എഴുത്തു പരീക്ഷയും ഇന്റർവ്യൂം നടത്തി റാങ്ക് പട്ടിക തയ്യാറാക്കി അതിൽ നിന്നും 140 പേരെയും ആനശേവുകം തസ്തികയിലേയ്ക്ക് പ്രാക്ടിക്കൽ പരീക്ഷയും ഇന്റർവ്യൂം നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി 14 പേരെയും സംവരണക്രമം പാലിച്ച് നിയമനത്തിന് ശിപാർശ ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അസിസ്റ്റന്റ് എൻജിനീയർ (സിവിൽ), ഓവർസിയർഗ്രേഡ് - 3 (സിവിൽ) എന്നീ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുകയും യഥാക്രമം 25/02/2018, 04/03/2018 എന്നീ തീയതികളിൽ OMR പരീക്ഷ നടത്തുകയും ചെയ്തു. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മലബാർ ദേവസ്വം ബോർഡിലെ എക്സിക്യൂട്ടീവ് ഓഫീസർ ഗ്രേഡ്-4 തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനം 14/02/2018 ൽ പുറപ്പെടുവിച്ച് തുടർ നടപടി കൈക്കൊണ്ടു വരികയാണ്. കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി, കഴകം, വിവിധ ക്ഷേത്ര വാദ്യക്കാർ അടക്കം ഒൻപതു തസ്തികകളിലേയ്ക്കുള്ള വിജ്ഞാപനങ്ങൾ ഉടൻ തന്നെ പുറപ്പെടുവിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത റിക്രൂട്ട്മെന്റ് ബോർഡിനെ അഴിമതി മുക്തമാക്കുന്നതിന് എന്തെങ്കിലും മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മാതൃകയിൽ പ്രവർത്തിച്ചു വരുന്ന കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനെ സംബന്ധിച്ച് പരാതികളോ അഴിമതി ആരോപണങ്ങളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ